"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എറണാകുളം ജില്ലയിലെ, ഇലഞ്ഞി, സെൻ്റ് പീറ്റേഴ്സ് ഹൈസ്കൂളിലെ ലോവർ ഗ്രേഡ് ഹിന്ദി (എച്ച്.ജി) സിസ്റ്റർ അലൻസ ജോസഫ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.168/2026/GEDN തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. എറണാകുളം, ഇലഞ്ഞി, സെൻ്റ് പീറ്റേഴ്സ് ഹൈസ്കൂളിലെ ലോവർ ഗ്രേഡ് ഹിന്ദി (എച്ച്.ജി) സിസ്റ്റർ അലൻസ ജോസഫ് സമർപ്പിച്ച 06/05/2025 തീയതിയിലെ റിവിഷൻ ഹർജി
2. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/07/2025 ലെ ഡി.ഡി.ഇ/ഇ.കെ.എം/8460/2023/ഐ.എ2 നമ്പർ കത്ത്.
3. മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/07/2025 ലെ DEOMVP/2208/2025/B2 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/08/2025 ലെ ആർ2/14702/2025/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ, ഇലഞ്ഞി, സെൻ്റ് പീറ്റേഴ്സ് ഹൈസ്കൂളിലെ ലോവർ ഗ്രേഡ് ഹിന്ദി (എച്ച്.ജി) സിസ്റ്റർ അലൻസ ജോസഫ് സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 25/07/2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി, മാനേജർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

സി. അലൻസ് ജോസഫ്, എൽ.ജി.പി.റ്റി സർവീസ് കൂടി കണക്കാക്കി വെയിറ്റേജ് വാങ്ങിയെന്നും, ആയത് കുറച്ച് ശമ്പളം പുനർ നിർണയിച്ച് അധികത്തുക തിരിച്ചടയ്ക്കണമെന്നുമുള്ള തടസവാദം സംബന്ധിച്ചാണ് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. 2004 ലെ ശമ്പളപരിഷ്കരണം നടത്തിയപ്പോഴാണ് തെറ്റ് സംഭവിച്ചത്. ശമ്പളം പുനക്രമീകരിക്കുമ്പോൾ 11-04-2013 മുതൽ ശമ്പളത്തിൽ വ്യത്യാസമില്ല എന്നുകാണുന്നു. 01-06-2005 മുതൽ 10-04-2013 വരെയുള്ള കാലത്താണ് ഒരു ഇംക്രിമെൻ്റ് അധികം വാങ്ങിയിട്ടുള്ളത്.

നിലവിൽ ശമ്പളത്തിൽ വ്യത്യാസം ഇല്ല. 25-03-2006 ലെ സർക്കാർ ഉത്തരവനുസരിച്ച് ശമ്പളനിർണ്ണയം നടത്തിയതിന്റെ അധികത്തുക നീണ്ടകാലത്തിനുശേഷം തിരിച്ചടയ്ക്കേണ്ടി വരുന്നത് ബഹു. കോടതികൾ തടഞ്ഞിട്ടുണ്ട്. നിലവിൽ അധികശമ്പളം വാങ്ങാത്ത സാഹചര്യത്തിൽ അധികം വാങ്ങിയ തുക തിരിച്ചടയ്ക്കുന്നതിൽനിന്നും സി. അലൻസ് ജോസഫിനെ ഒഴിവാക്കി ഓഡിറ്റ് തടസം നീക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>

എറണാകുളം, മുവാറ്റുപുഴ സെന്റ് പീറ്റേഴ്സ് ഇലഞ്ഞി ഹയർ സെക്കണ്ടറി സ്കൂൾ ഫുൾ ടൈം ലാംഗ്വേജ് ടീച്ചറായ സിസ്.അലൻസ ജോസഫ് സ.ഉ (പി) നം.45/2006/ഫിൻ തീയതി 25.03.2006 പ്രകാരം 4 വർഷ പാർട്ട്ടൈം സേവനം പൂർത്തിയാക്കിയ തീയതിയിൽ വെയിറ്റെജ് പരിഗണിച്ച് 01/06/2005 ഓപ്ഷൻ പ്രകാരം ഒരു അധിക ഇന്ക്രിമെന്റ് ഉൾപ്പെടുത്തി 5930/- അടിസ്ഥാന ശമ്പളം കൈപ്പറ്റിയത് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നുള്ള ശമ്പള നിർണ്ണയ പരിശോധനയിൽ തടസ്സപ്പെടുത്തിയിരുന്നു. യഥാർത്ഥത്തിൽ 5790/- അടിസ്ഥാന ശമ്പളത്തിനാണ് അർഹത അത് പോലെ 2009 ശമ്പള പരിഷ്കരണത്തിൽ 01/07/2009 ൽ 11620/-അടിസ്ഥാന ശമ്പളത്തിനാണ് അർഹത. തടസ്സവാദ പ്രകാരം ശമ്പള പുനർ നിർണ്ണയം നടത്തി സ്റ്റേറ്റ്മെന്റ് നാളിതുവരെയും സമർപ്പിച്ചിട്ടില്ല. ഫിനാൻസ് (പേ റിവിഷൻ സെൽ -സി) ഡിപാർട്ട്മെന്റ് ന്റെ 11/10/2012 G.O(P) No. 560/2012/(184)/Fin ഉത്തരവ് പ്രകാരം സ.ഉ (പി) നം.45/2006/ഫിൻ തീയതി 25.03.2006 ശമ്പള പരിഷ്കരണ ഉത്തരവ് ഭേദഗതി വരുത്തുകയുണ്ടായി അയതിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു "Service for the purpose of this rule means full time regular service (Where protection of pay is allowed) including broken periods of service qualifying for normal increments in the scale of pay" ആയതിൽ നിന്നും ടിയാൾക്ക് റെഗുലർ സേവനം ആരംഭിച്ച 10/06/2002 മുതൽ 5 വർഷം കണക്കാക്കി 10/06/2007 മുതൽക്ക് മാത്രമേ ഫുൾ ടൈം ബെനെഫിറ്റ് നു അർഹത വരുന്നുള്ളൂ. 10/06/2007 വരെയുള്ള സേവനം ഫുൾ ടൈം സർവീസ് റെഗുലർ സർവിസ് അല്ലാത്തതിനാൽ ടി സേവന കാലയളവ് വെയിറ്റെജ്നു പരിഗണിക്കാവുന്നതല്ല. ടിയാൾ പ്രധാനാധ്യാപിക മുഖേന 23/08/24 തീയതിയിൽ നൽകിയിട്ടുള്ള മറുപടി പ്രകാരം മേൽ തടസ്സവാദവും 01/06/2005 മുതൽ 10/04/2013 വരെ അധിക തുക കൈപറ്റിയതും അംഗീകരിച്ചിട്ടുള്ളതാണ് ആയത് പ്രകാരം തെറ്റായ ശമ്പളം പുനഃക്രമീകരിച്ച് സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിന് പകരം സർക്കാരിലേക്ക് പരാതി സമർപ്പിക്കുകയാണുണ്ടായത്. ടിയാൾ നൽകിയിട്ടുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിൽ ക്ലാർക്ക് മാരുടെയും ക്ലാസ് 4 ജീവനക്കാരുടെയും ആനുകൂല്യങ്ങളെ പറ്റിയാണ് പരാമർശിക്കുന്നത്. പാർട്ട് ടൈം അധ്യാപകരുടെ നിയമനവും ശമ്പള നിർണയങ്ങളും ആയതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ ടി ഉത്തരവുകൾ ടി വിഷയത്തിൽ പരിഗണനാർഹമായി കാണുന്നില്ല .

സേവന വിവരങ്ങൾ താഴെ പറയുന്നു

| | സിസ് അലൻസ ജോസഫ് -എൽ.ജി.ഫുൾടൈം -സെന്റ് പീറ്റേയ്സ് ഇലഞ്ഞി | | |
|---|---|---|---|
| | | | റിമാർക്സ് |
| | 26.06.2000 | 30.03.2001 | ആദ്യ ഭംഗ സേവനം -(പാർട്ട് ടൈം ) |
| | 19.06.2001 | 30.03.2002 | ഭംഗ സേവനം -(പാർട്ട് ടൈം ) |
| | 10.06.2002 | | തുടർച്ചയായ സേവനം - (പാർട്ട് ടൈം) |
| | | | |
| | 15.07.2008 | | ഡിവിഷൻ ഫാൾ -റിവേർട്ട്ഡ് -ട്ട പാർട്ട് ടൈം |
| | | | |
| | 15.07.2010 | | ഫുൾ ടൈം ബെനെഫിറ്റ് (എ.ഇ.ഒ) |

| Service Book Entry | Date | Actual Pay | Date | remarks |
|---|---|---|---|---|
| 3050 | 26.06.2000 | 3050 | 26.06.2000 | |
| 3050 | 10.05.2002 | 3125 | 10.06.2002 | I st Increment (Probation) |
| | | 3200 | 01.11.2002 | |
| 3200 | 01.06.2003 | 3275 | 01.11.2003 | |
| 3275 | 01.06.2004 | 3350 | 01.11.2004 | |
| 5930 | 01.06.2005 | 5790 | 01.06.2005 | |
| 6080 | 01.06.2006 | 5930 | 01.06.2006 | |
| 6230 | 01.06.2007 | 6080 | 01.06.2007 | |
| 6380 | 01.06.2008 | 6230 | 01.06.2008 | |
| 6530 | 01.06.2009 | 6380 | 01.06.2009 | |

| | | | | |
|---|---|---|---|---|
| 12220 | 01.07.2009 | 11620 | 01.07.2009 | |
| 12550 | 01.07.2010 | 11920 | 01.07.2010 | |
| 13210 | 15.07.2010 | 11920 | 15.07.2010 | Full Time Promotion |
| 13210 | 15.07.2010 | 13210 | 15.07.2010 | Scale Modified |
| 13540 | 15.07.2011 | 13540 | 01.07.2011 | |
| 13900 | 01.07.2012 | 13900 | 01.07.2012 | |
| 13900 | 01.04.2013 | 14260 | 01.07.2013 | |
| 14260 | 01.07.2013 | | | |
| 14620 | 01.07.2014 | 14620 | 01.07.2014 | |

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. എറണാകുളം മൂവാറ്റുപുഴ സെന്റ് പിറ്റേഴ്സ് ഇലഞ്ഞി ഹയർ സെക്കണ്ടറി സ്കൂൾ ഫുൾ ടൈം ലാംഗ്വേജ് അധ്യാപികയായ സിസ്റ്റർ അലൻസ ജോസഫിന് സ.ഉ.(പി)നം. 45/2006 ഫിൻ തീയതി 25.03.2006 പ്രകാരം 4 വർഷ പാർട്ട്ടൈം സേവനം പൂർത്തിയാക്കിയ തീയതിയിൽ വെയിറ്റേജ് പരിഗണിച്ച് 01/06/2005 ഓപ്ഷൻ പ്രകാരം ഒരു അധിക ഇൻക്രിമെന്റ് ഉൾപ്പെടുത്തി ₹5930/- രൂപ അടിസ്ഥാന ശമ്പളം കൈപ്പറ്റിയത് എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിൽ നിന്നുള്ള ശമ്പള നിർണ്ണയ പരിശോധനയിൽ തടസ്സവാദം ഉന്നയിച്ചിരുന്നു. പ്രസ്തുത തടസ്സ വാദത്തിനെതിരെയാണ് സിസ്റ്റർ അലൻസ ജോസഫ് റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്. 25.03.2006 തീയതിയിലെ സ.ഉ.(അച്ചടി) നം. 45/2006/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എട്ടാം ശമ്പളപരിഷ്കരണ ഉത്തരവിലെ സർവ്വീസ് വെയിറ്റേജ് സംബന്ധിയായ വ്യവസ്ഥകൾ പ്രകാരം service for the purpose of this rule means service(where protection of pay is allowed) including broken periods of service qualifying for normal increments in the scales of pay എന്നാണ് പരാമർശിച്ചിരിക്കുന്നത്. തുടർന്ന് G.O(P)560/2012(184)/Fin dated 11.10.2012 പ്രകാരം Service for the purpose of this rule means full time regular service (Where protection of pay is allowed) including broken periods of service qualifying for normal increments in the scale of pay" എന്ന് വ്യക്തത

വരുത്തി ഉത്തരവായിരുന്നു. ശ്രീമതി. കെ.ഭാനമ്മയും ശ്രീ. പി.എം.ആന്റണിയും സമർപ്പിച്ച സിവിൽ അപ്പീൽ നമ്പർ. 9884/2013, 9885/2013 എന്നീ കേസുകളിന്മേലുള്ള ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 02/11/2023 തീയതിയിൽ അന്തിമ വിധിന്യായത്തിൽ ടി കോടതി ഉത്തരവ് സമാന കേസുകളിൽ മാതൃകയാക്കേണ്ടതില്ല എന്നും post amendment cases G.O(P)560/2012(184)/Fin dated 11.10.2012-ലെ വ്യവസ്ഥ പ്രകാരം പരിഗണിക്കാവുന്നതും തീരുമാനം കൈക്കൊള്ളാവുന്നതുമാണെന്നും ഉത്തരവായിട്ടുണ്ട്.

5) G.O(P)560/2012(184)/Fin dated 11.10.2012 ഉത്തരവിലെവ്യവസ്ഥയനുസരിച്ച് സർവ്വീസ് എന്നതിന്റെ നിർവ്വചനം "സാധാരണ ഇൻക്രിമെന്റിന് പരിഗണിക്കുന്ന ഫുൾടൈം റഗുലർ സർവ്വീസ്" എന്ന ഭേദഗതി കോടതി അംഗീകരിച്ചതിനാൽ സിസ്റ്റർ അലൻസ് ജോസഫിന്റെ 26/06/2000 മുതൽ 30/03/2001 വരെയും, 19/06/2001 മുതൽ 30/03/2002 വരെയുമുള്ള പാർട്ട് ടൈം സേവനകാലം കൂടി സർവ്വീസ് വെയിറ്റേജിന് കണക്കാക്കിക്കൊണ്ട് എട്ടാം ശമ്പളപരിഷ്കരണത്തിൽ ടിയാളുടെ ശമ്പളനിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല എന്ന ഓഡിറ്റ് തടസ്സവാദം ശരിയാണ്. ടി സാഹചര്യത്തിൽ പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മൂവാറ്റുപുഴ
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് പാല ഡിയോസിസ്, ഷാലോം പാസ്റ്ററൽ സെന്റർ, കൊട്ടാരമറ്റം, പാല - 686 575
സിസ്റ്റർ. അലൻസ ജോസഫ്, ലോവർ ഗ്രേഡ് ഹിന്ദി (എച്ച്.ജി), സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ, ഇലഞ്ഞി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 06-01-2026 10:25:08
സെക്ഷൻ ഓഫീസർ